**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** **25-10-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റ് ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ രണ്ടാം ഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ സീറ്റ് ലഭിക്കാത്ത കുട്ടികൾക്ക് പ്ലസ് വൺ സീറ്റ് ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ/ അവസാനത്തെ അലോട്ട്മെന്റ് 23.10.2021 ന് അവസാനിക്കുകയുണ്ടായി. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 (രണ്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി എൺപത്തി എട്ട് ) സീറ്റുകളിലേയ്ക്ക് 465219 (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊൻപത്) വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്ക് പുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489(മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത്) പേരുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നല്കേണ്ട യഥാർത്ഥ അപേക്ഷകർ 425730(നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്) മാത്രമാണ്. മുഖ്യ അലോട്ട്മെന്റ് 23.10.2021 ന് പൂർത്തിയായപ്പോൾ മെറിറ്റ് ക്വാട്ടയിൽ 235879(രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റിഎഴുപത്തി ഒൻപത്) കുട്ടികളും സ്പോർട്ട്സ് ക്വാട്ടാ, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടാ, മാനേജ്മെന്റ് ക്വാട്ടാ, അൺ-എയ്ഡഡ് ക്വാട്ടാ മുതലായവയിൽ 71142(എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി നാല്പത്തി രണ്ട്) കുട്ടികളും കൂടി ആകെ 307021(മൂന്ന് ലക്ഷത്തി ഏഴായിരത്തി ഇരുപത്തി ഒന്ന്)വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. കഴിഞ്ഞ 5 വർഷത്തെ പ്രവേശനതോതനുസരിച്ചാണെങ്കിൽ മുഖ്യ അലോട്ട്മെന്റിന് ശേഷം സംസ്ഥാനത്ത് ആകെ 67910(അറുപത്തി ഏഴായിരത്തി തൊള്ളായിരത്തി പത്ത്) അപേക്ഷകർ പ്രവേശനത്തിനായി |

| | | | |
|---|---|---|---|
| | | | അവശേഷിക്കുകയാണ്. അപേക്ഷിച്ച എല്ലാപേരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 115734(ഒരു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി നാല്) പേർക്ക് അഡ്മിഷൻ നല്കേണ്ടതായി വരും. 2021-22 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്ന് കൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനു ശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153(മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള6438(അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988(എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461(നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252(മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്)സീറ്റുകളും കൂടി ആകെ 87292(എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിന് പുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്, ഐടിഐ മേഖലകളിലായി 83000സീറ്റുകളും ലഭ്യമാണ്. മാനേജ്മെൻറ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്ക് തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |
| (ബി) | ഉയർന്ന മാർക്കോടെ എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും അവർക്ക് ഇഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ട വിഷയത്തിൽ പ്രവേശനം ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഓരോ വിദ്യാർത്ഥിയുടേയും WGPA(Weighted Grade Point Average) മാനദണ്ഡമാക്കിയാണ് അലോട്ട്മെൻറ് നൽകുന്നത്. ഓരോ സ്കൂളിലേയും ഓരോ കോഴ്സിലേക്കുമുള്ള WGPA(Weighted Grade Point Average) മാനദണ്ഡമാക്കിയുള്ള റാങ്ക് ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത കോഴ്സിൽ ലഭ്യമായ സീറ്റുകളിലേക്കാണ് അലോട്ട്മെൻറ് അനുവദിക്കുന്നത് WGPA (Weighted Grade Point Average) കണക്കാക്കു ന്നതിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കിനു പുറമേ വിവിധ ബോണസ് പോയിൻറുകളും പരിഗണിക്കുന്നുണ്ട് .സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിലായാണ് ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. |

വിദ്യാർത്ഥികൾ ഓപ്ഷൻ നൽകുന്നതനുസരിച്ച് മെരിറ്റടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് ലഭിക്കുന്നതെന്നതിനാൽ ഏകജാല സംവിധാന ത്തിലെ പ്രവേശനത്തിലൂടെ അത് സാധ്യമാകു ന്നതാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ 2016-ൽ ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്. എൽ.സി പാസായിട്ടുള്ളത്. 458080 (നാല് ലക്ഷത്തി അൻപത്തി എട്ടായിരത്തി എൺപത്) വിദ്യാർത്ഥികളാണ് ഉന്നത പഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 517156 (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി നൂറ്റി അൻപത്തി ആറ്) ആയിരുന്നു. പ്രസ്തുത വർഷം 22879 (ഇരുപത്തി രണ്ടായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപത്) വിദ്യാർത്ഥികൾ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചവരായിരുന്നു. ആകെ ലഭ്യമായിരുന്ന 413564 (നാല് ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) സീറ്റുകളിൽ 384612 (മൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി അറുനൂറ്റി പന്ത്രണ്ട്) അപേക്ഷകർ പ്രവേശനം നേടുകയുണ്ടായി. സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി 28952 (ഇരുപത്തെട്ടായിരത്തി തൊള്ളായിരത്തി അമ്പത്തി രണ്ട് സീറ്റ്)ഒഴിഞ്ഞ് കിടക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ 5 വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം എസ്.എസ്.എൽ.സി പാസായവരുടെയും പ്രവേശനത്തിനായി അപേക്ഷിച്ചവരുടേയും എണ്ണം താരതമ്യേന കുറവാണ്. ഈ വർഷം എസ്.എസ്.എൽ.സി പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയവർ 419653 (നാല് ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി അൻപത്തി മൂന്ന്) പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം 465219 (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുനൂറ്റി പത്തൊമ്പത്) ആണ്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഫോക്കസ് ഏരിയ നൽകി അതിൽ നിന്നും വേണ്ടുന്നതിന്റെ ഇരട്ടി ചോയ്സുകൾ നൽകി പരമാവധി മാർക്കിന്റെ ഇരട്ടി മാർക്ക് വരെ ലഭിക്കത്തക്കവിധം എസ്.എസ്.എൽ.സി പരീക്ഷ നടത്തിയതിന്റെ ഫലമായി എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 125509 ( ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി ഒൻപത്) ആയി വർദ്ധിക്കുകയുണ്ടായി. ഇത് കഴിഞ്ഞ വർഷത്തേ തിനേക്കാൾ മൂന്ന് മടങ്ങിൽ കൂടുതലാണ്. മാനേജ്മെൻറ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം

| | | | |
|---|---|---|---|
| | | | നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്ക് തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ